42/10

സാമ്രാജ്യത്വം ഇന്നലെ, ഇന്ന്

കേരള സ്വാശ്രയ സമിതി

ബ്രിട്ടീഷ് കൊളോണിയൽ ആധിപത്യത്തിനെതിരായി വളർന്നു വന്ന സ്വാതന്ത്ര്യസമര പ്രസ്ഥാനം ഇന്ത്യാ ചരിത്രത്തിലെ ഏറ്റവും ഉജ്ജ്വലമായ അധ്യായമാണ്. സ്വാതന്ത്ര്യം എന്നത് നമ്മെ സംബന്ധിച്ചിടത്തോളം ന്യൂഡൽഹിയിലെ ഭരണകൂടം മാത്രമായിരുന്നില്ല. ഇന്ത്യൻ ജനതയുടെ ഭാവിയെക്കുറിച്ച് സ്വതന്ത്രമായി തീരുമാനമെടുക്കാനും അവ വിദേശശക്തികളുടെ ഇടപെടലുകളില്ലാതെ നടപ്പിലാക്കാനുള്ള അധികാരം കൂടിയായിരുന്നു. സ്വാശ്രയത്തിലും ആസൂത്രണത്തിലും അധിഷ്ഠിതമായ സമ്പദ്ഘടനയും സാമൂഹ്യ വ്യവസ്ഥയും സ്ഥാപിക്കാനുള്ള നമ്മുടെ ശ്രമം ഇതിന്റെ ഭാഗമായിരുന്നു.

പൂക്കളം വിരിച്ച പാതകളിലൂടെയല്ല, സ്വതന്ത്ര ഇന്ത്യക്കു കടന്നു പോകേണ്ടിവന്നത്. നിരവധി പ്രതിസന്ധിഘട്ടങ്ങൾ നമുക്കു തരണം ചെയ്യേണ്ടിവന്നിട്ടുണ്ട്. ഇന്ത്യയുടെ വികസന പാതയെക്കുറിച്ച് നിരവധി ചർച്ചകളും സംവാദങ്ങളും നമുക്കു നടത്തേണ്ടി വന്നിട്ടുണ്ട്. ഇവയിലൊന്നിലും സ്വാതന്ത്ര്യ സമരകാലത്ത് രൂപംകൊണ്ട അടിസ്ഥാന തത്വങ്ങൾ പോദ്യം ചെയ്യപ്പെട്ടിട്ടില്ല. അന്താരാഷ്ട്രതലത്തിൽ സാമ്രാജ്യത്വത്തിനെതിരെ പോരാടുന്ന നിരവധി രാഷ്ട്രങ്ങളോടൊപ്പം അടിയുറച്ചു നിൽക്കാൻ നമുക്കു സാധിച്ചിരുന്നു.

ഇന്നു നാം കടന്നുപോകുന്ന പ്രതിസന്ധിഘട്ടം, ഇതുവരെ നാം അംഗീകരിച്ച മൂല്യങ്ങളെയെല്ലാം പോദ്യം ചെയ്യുന്ന വിധത്തിൽ ഗൗരവതരമാകുകയാണ്.നമ്മുടെ സ്വാതന്ത്ര്യബോധത്തിനു തേയ്മാനം സംഭവിച്ചുകൊണ്ടിരിക്കുന്നു. സാമൂഹ്യ-സാമ്പത്തിക-രാഷ്ട്രീയതലങ്ങളിൽ സാമ്രാജ്യത്വം അധിനിവേശ പ്രക്രിയ ശക്തിപ്പെടുത്താൻ ശ്രമിക്കുന്നു. നമ്മുടെ ഭരണകൂടം അവരുടെ ഇംഗിതങ്ങൾക്കും നിബന്ധനകൾക്കും കീഴടങ്ങുന്നു. "പുതുലോകക്രമം" "പരസ്പരബദ്ധവും പരസ്പരാശ്രിതവുമായ ലോകം" മുതലായ മുദ്രാവാക്യങ്ങളുടെ അടിസ്ഥാനത്തിൽ, കീഴങ്ങൽ പ്രവണത ന്യായീകരിക്കപ്പെടുന്നു. സാമ്രാജ്യത്വത്തിന്റെ നിർദ്ദേശങ്ങൾക്ക് കീഴ്വഴങ്ങുകയല്ലാതെ, ഇന്ത്യയുടെ വികസ

നത്തിനു മറ്റു മാർഗമില്ലെന്നുവരെ വാദിക്കപ്പെടുന്നു. ഇന്ത്യയെ സ്വാതന്ത്ര്യത്തിലേക്കു നയിച്ചവരുടെ പിന്തുടർച്ചക്കാരാണ് ഇത്തരം മുദ്രാവാക്യങ്ങളുയർത്തുന്നതെന്ന ദുഃഖകരമായ സത്യവുമുണ്ട്. ഇന്ത്യയുടെ സ്വാതന്ത്ര്യവും രാഷ്ട്രീയ പരമാധികാരവും ബലികഴിക്കുന്നതിലേക്കു വരെ സ്ഥിതിഗതികൾ ചെന്നെത്തുമോ എന്ന ആശങ്ക പരന്നിരിക്കുന്നു.

ഭീഷണികളുടെ ഉറവിടം

സാമ്രാജ്യത്വ ശക്തികളുടെ നേരിട്ടുള്ള രാഷ്ട്രീയവും സാമ്പത്തികവുമായ അധിനിവേശത്തെയായിരുന്നു സ്വാതന്ത്ര്യസമരസേനാനികൾക്കു നേരിടേണ്ടി വന്നത്. ഇന്ന് സാമ്രാജ്യത്വം കൂടുതൽ സങ്കീർണവും സമർത്ഥവുമായ രൂപങ്ങൾ ഉപയോഗിച്ച് ഇന്ത്യയുൾപ്പെടെയുള്ള അവികസിത രാഷ്ട്രങ്ങളെ കൈയടക്കാനായി ശ്രമിക്കുകയാണ്. സാർവദേശീയ നാണയനിധിയുടെയും ലോകബാങ്കിന്റെയും വായ്പകൾക്ക് അടിച്ചേൽപ്പിക്കുന്ന നിബന്ധനകൾ, അന്താരാഷ്ട്ര വാണിജ്യബന്ധങ്ങളെ നിയന്ത്രിക്കുന്നതിനും ഉൽപാദന വിതരണമേഖലകളിലെ എല്ലാ വശങ്ങളിലും സ്വന്തം താൽപര്യങ്ങൾ അടിച്ചേൽപിക്കുന്നതിന് ഗാട്ട് ചർച്ചകൾ വഴി സാമ്രാജ്യത്വം നടത്തുന്ന ശ്രമങ്ങൾ, തങ്ങളുടെ വാണിജ്യതാൽപര്യങ്ങൾക്കെതിരായി പ്രവർത്തിക്കുന്നു എന്നാരോപിച്ചു അമേരിക്കൻ ഗവൺമെൻറ് സ്വീകരിക്കുന്ന പ്രതികാര നടപടികൾ മുതലായവ ഈ പുതിയ രൂപങ്ങളിൽ ചിലതു മാത്രമാണ്. ഭീമമുച്ചകോടിയുമായി ബന്ധപ്പെട്ടു നടന്ന സമ്മേളനങ്ങളിൽ അമേരിക്ക എടുത്ത നിലപാട് ഇന്ത്യയുൾപ്പെടെയുള്ള അവികസിത രാഷ്ട്രങ്ങളുടെ താൽപര്യങ്ങൾക്കു വിരുദ്ധമായിരുന്നു. ആണവോർജ വികസനത്തിനെതിരായ കരാർ (Nuclear Non-Proliferation Treaty) മിസൈൽ പരീക്ഷണങ്ങളെ നിയന്ത്രിക്കുന്നതിനുള്ള പദ്ധതി (Missile Testing Control Regime) മുതലായവയിലൂടെയും ഇന്ത്യയുൾപ്പെടെയുള്ള അവികസിത രാഷ്ട്രങ്ങൾക്ക് കൂച്ചുവിലങ്ങിടാൻ ശ്രമം നടക്കുന്നു.

ഗാട്ടിന്റെ ഉറുഗ്വേറൗണ്ട് ചർച്ചകളുടെ അന്തിമഘട്ടത്തിൽ ലോക രാഷ്ട്രങ്ങളുടെ അംഗീകാരത്തിനായി സമർപ്പിക്കപ്പെട്ട ഡങ്കൽ കരടുരേഖ ഇന്നത്തെ സാമ്രാജ്യത്വ ഭീഷണിയുടെ സ്വഭാവം കാണിക്കുന്നതാണ്. അന്താരാഷ്ട്ര വാണിജ്യ ബന്ധങ്ങളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്ന വേദിയെന്ന നിലയിലായിരുന്നു ഗാട്ട് ഇത്ര കാലവും പ്രവർത്തിച്ചുവന്നത്. പ്രധാനമായും വികസിത രാഷ്ട്രങ്ങളുടെ വാണിജ്യ താൽപര്യങ്ങൾ സംരക്ഷിക്കുകയും, അവികസിത രാഷ്ട്രങ്ങളുടെ താരിഫ്

നിബന്ധനകൾ പടിപടിയായി കുറയ്ക്കുന്നതിനു സമ്മർദ്ദം ചെലുത്തുകയുമായിരുന്നു ഗാട്ട് ഇതുവരെ ചെയ്തുവന്നത്. ഇക്കാര്യത്തിൽ ഗാട്ട് വിജയിച്ചിരുന്നു. ഉറുഗ്വേറൗണ്ടിൽ ഗാട്ടിന്റെ പ്രവർത്തനങ്ങൾക്കു ഗുണപരമായ മാറ്റം വന്നു. വാണിജ്യനിയന്ത്രണത്തിന്റെയും വിപണി ലഭ്യതയുടെയും പ്രശ്നങ്ങളിൽ മാത്രമൊതുങ്ങി നിൽക്കാതെ, ബൗദ്ധികസമ്പത്തവകാശം (Intellectual Property Right) നിക്ഷേപ നടപടികൾ (Investment Measures), സേവനമേഖലയുടെ വാണിജ്യം (Trade in Services), കൃഷി എന്നീ മേഖലകളിലേക്കു കൂടി ചർച്ചകൾ വ്യാപിപ്പിച്ചു. ഇവയുടെ ഫലമായുണ്ടായ നിർദ്ദേശങ്ങൾ അവികസിത രാഷ്ട്രങ്ങളുടെ സ്വാശ്രിത വികസനത്തെ തകർക്കുന്നവയും ശാസ്ത്രസാങ്കേതിക വിദ്യകളുടെയും വ്യവസായങ്ങളുടെയും വളർച്ചയെ പിന്നോട്ടടിപ്പിക്കുന്നവയുമാണ്. സാമ്രാജ്യത്വത്തിന്റെ വൻതോതിലുള്ള അധിനിവേശത്തിനു വഴിയൊരുക്കിക്കൊടുക്കുന്നതു കൂടാതെ രാഷ്ട്രങ്ങളുടെ പരമാധികാരത്തെപ്പോലും ചോദ്യം ചെയ്യുന്ന നിബന്ധനകൾ ഡങ്കൽ രേഖയിലുണ്ട്. രാഷ്ട്രങ്ങളിൽ വിദേശ മൂലധനത്തിനു കൊടുക്കേണ്ട പ്രത്യേക പരിഗണന, ഡങ്കൽ നിബന്ധനകൾക്കെതിരായി പ്രവർത്തിക്കുന്നവർക്കുള്ള പ്രതിക്രിയാ (Cross-Retaliation) നടപടികൾ, ഗാട്ട് ചർച്ചകളിൽ വന്ന എല്ലാ മേഖലകളെക്കുറിച്ചും അന്തിമതീർപ്പ് കൽപിക്കുന്നതിനുള്ള എം. ടി. ഒ. (Multilateral Trade organisation) എന്ന സംഘടന തുടങ്ങിയവ രാഷ്ട്രീയ അധിനിവേശത്തിനുള്ള വഴിയൊരുക്കുന്നു.

സാമ്രാജ്യത്വത്തിന്റെ പുതിയ ഭീഷണികൾ പല രാഷ്ട്രങ്ങളെ സംബന്ധിച്ചും യാഥാർത്ഥ്യങ്ങളായി മാറുകയാണ്. ഐ. എം. എഫിന്റെ വായ്പ സ്വീകരിച്ചു കടക്കെണിയിലാണ്, അൻപതോളം രാഷ്ട്രങ്ങൾ ഇന്നു തന്നെയുണ്ട്. ബഹുരാഷ്ട്ര കുത്തകകളുടെയും പല "ധന സഹായ" ഏജൻസികളുടെയും പ്രവർത്തന ഫലമായി നിരവധി രാഷ്ട്രങ്ങളുടെ സമ്പദ്വ്യവസ്ഥകൾ വിദേശ നിയന്ത്രണത്തിലായിരിക്കുന്നു. സാമ്രാജ്യത്വത്തിന്റെ ചൂഷണ തന്ത്രങ്ങളെ ഏതെങ്കിലും വിധത്തിൽ എതിർക്കുന്ന രാഷ്ട്രങ്ങളെ തകർക്കുന്ന രീതിയാണ് ഗൾഫ് യുദ്ധത്തിൽ കണ്ടത്.

ഇതിനെല്ലാം പുറമെ, ദരിദ്ര രാഷ്ട്രങ്ങളും ധനിക രാഷ്ട്രങ്ങളും തമ്മിലുള്ള വിടവ് ഏറ്റവും ഭീമമായിക്കൊണ്ടിരിക്കുന്നു. ലോകത്തിലെ ദരിദ്ര രാഷ്ട്രങ്ങളായ ദക്ഷിണേഷ്യൻ രാഷ്ട്രങ്ങളുടെ പ്രതിശീർഷ വരുമാനത്തിന്റെ എഴുപതിരട്ടിയാണ് ധനിക രാഷ്ട്രങ്ങൾക്കുള്ളത്. ലോകത്തിന്റെ മൊത്തം ഉല്പാദനത്തിന്റെ എൺപതു ശതമാനത്തോളം ലോകജന സംഖ്യയുടെ ഇരുപതുശതമാനം വരുന്ന ധനിക രാഷ്ട്ര

ളിലാണ്. ഭൂരിഭാഗം ദരിദ്രരാഷ്ട്രങ്ങളും ദാരിദ്ര്യം, തൊഴിലില്ലായ്മ, രോഗാതുരത, നിരക്ഷരത മുതലായവക്കു പുറമെ, ഊർജക്ഷാമം, പരിസരമലിനീകരണം, മരുഭൂവൽക്കരണം, വനനശീകരണം മുതലായ പ്രശ്നങ്ങളും നേരിടുന്നവയാണ്. പശ്ചിമാഫ്രിക്കയിലെ സഹേൽ രാജ്യങ്ങളിലും കിഴക്കേ ആഫ്രിക്കയിലും ഉണ്ടാകുന്ന കൊടും ക്ഷാമം സാമ്രാജ്യാധിനിവേശത്തിന്റെ സൃഷ്ടിയാണെന്ന് തെളിവു സഹിതം വാദിക്കപ്പെട്ടിട്ടുണ്ട്. നിരവധി ദുരിതങ്ങൾ അനുഭവിക്കുന്ന ദരിദ്രരാഷ്ട്രങ്ങളുടെ മേൽ കൂനിന്മേൽ കുരുവെന്ന പോലെയാണ് ഐ. എം. എഫ്-ലോകബാങ്ക്-ഗാട്ട് ത്രിമൂർത്തികളുടെ നിബന്ധനകൾ അടിച്ചേൽപ്പിക്കപ്പെടുന്നത്. ഈ രാഷ്ട്രങ്ങളിലെ ധനിക ന്യൂനപക്ഷം സാമ്രാജ്യത്വവുമായുള്ള ഇഴുകിച്ചേരലിനെ സ്വാഗതം ചെയ്യുന്നവരാണെന്നത് വേദനാജനകമായ സത്യമാണ്.

സാമ്രാജ്യത്വം എന്നാൽ എന്ത്?

മേൽ സൂചിപ്പിച്ച സ്ഥിതിഗതികൾ കൂടുതൽ വ്യക്തമാക്കുന്നതിന് സാമ്രാജ്യത്വത്തിന്റെ വളർച്ചയെക്കുറിച്ചുള്ള പൊതുധാരണയാവശ്യമാണ്.

'സാമ്രാജ്യത്വം' എന്ന വാക്ക് പാശ്ചാത്യലോകത്തിലെ ലിബറൽ സാമ്പത്തിക ശാസ്ത്രജ്ഞന്മാരുടെ സൃഷ്ടിയാണ്. ഇരുപതാം നൂറ്റാണ്ടിൽ ചില വൻ രാഷ്ട്രങ്ങൾ മറ്റു രാഷ്ട്രങ്ങളുടെ മേൽ സ്ഥാപിച്ച സാമ്പത്തികാധികാരത്തിന് ജെ. എ. ഗോബ്സനാണ് (1901) സാമ്രാജ്യത്വം എന്ന പേരിട്ടത്.

സാമ്രാജ്യത്വം എന്ന വാക്കിന് പൂർണമായ അർത്ഥ കല്പന നൽകിയത് ലെനിനായിരുന്നു (1916). സാമ്രാജ്യത്വം-മുതലാളിത്തത്തിന്റെ സർവോന്നത ഘട്ടം എന്ന ഗ്രന്ഥത്തിൽ ആധുനിക സമ്പദ് വ്യവസ്ഥയുടെ പ്രധാന ഘടകങ്ങൾ അദ്ദേഹം വിശദീകരിച്ചു.

സാമ്രാജ്യത്വം എന്ന പേരുപയോഗിച്ചില്ലെങ്കിലും മറ്റു നിരവധി പുരോഗമന ചിന്തകരും അക്കാലത്തെ പ്രവണതകളെ പരിശോധിച്ചു. റോസാ ലക്സംബർഗ് (Accumulation of Capital) രുഡോൾഫ് ഹിൽഫർഡിംഗ് (Das Finanzkapital) എന്നിവരായിരുന്നു ഇവരിൽ പ്രമുഖർ. ലോക മുതലാളിത്തത്തിന്റെ വളർച്ചയുടെ അടിത്തറയായ മൂലധന സമാഹരണം ആഗോളതലത്തിൽ ദരിദ്ര വിഭാഗങ്ങളുടെയും പിന്നോക്ക പ്രദേശങ്ങളുടെയും വിഭവനാശത്തിലേക്കും ഉപഭോഗത്തിന്റെ ശോഷ

ണത്തിലേക്കും നയിക്കുന്നതായി ലക്സംബെർഗ് ചൂണ്ടിക്കാണിച്ചു. മുതലാളിത്തക്കുഴപ്പങ്ങൾക്ക് അമിതോല്പാദനത്തോളം തന്നെ പ്രധാനപ്പെട്ട കാരണമാണ് ഉപഭോഗശോഷണം (Under consumption) എന്നു വാദിക്കപ്പെട്ടു. പിൽക്കാലത്ത് പല ഇടതുപക്ഷ ചിന്തകരും മുന്നോട്ടു വെച്ച ഉപഭോഗശോഷണ സിദ്ധാന്തങ്ങളുടെ ഉറവിടം ഇവിടെയായിരുന്നു. ഹിൽഫർഡിംഗ് ആധുനിക മുതലാളിത്തത്തിന്റെ വളർച്ചയുടെ പുതിയപടിയായി ഫൈനാൻസ് മൂലധനത്തെ വിശദീകരിച്ചു.

സാമ്രാജ്യത്വത്തിന്റെ പ്രധാന ഘടകങ്ങൾ താഴെ പറയുന്നു.

a) മൂലധനം കേന്ദ്രീകരിക്കപ്പെടുന്നു. ചെറുകിട വ്യവസായികൾ തകർന്ന്, വമ്പന്മാർ വളർന്നുവരുന്നു. വ്യവസായികൾ തമ്മിലുള്ള സ്വതന്ത്ര മൽസരത്തിനു പകരം കുത്തക മുതലാളിത്തം വളരുന്നു.

b) ഒരു രാഷ്ട്രത്തിലെ മൂലധനം മറ്റു രാഷ്ട്രങ്ങളിലേക്ക് കയറ്റുമതി ചെയ്യപ്പെടുന്നു.

c) മൂലധനം സ്ഥാവര ജംഗമ സ്വത്തുക്കളിലും തൊഴിൽ ശക്തിയിലും മാത്രം നിക്ഷേപിക്കാതെ, പണമായി സമാഹരിക്കപ്പെടുന്നു. വൻകിട ബാങ്കുകളും ധന സഹായ സ്ഥാപനങ്ങളും വളർന്നുവരുന്നു. ഊഹക്കച്ചവടം വ്യാപിക്കുന്നു.

d) വ്യാപകമായ കോളനിവൽക്കരണവും കോളനികൾക്കു വേണ്ടിയുള്ള മൽസരവും നടക്കുന്നു.

e) വിപണികളുടെ മേൽ കുത്തകാധിപത്യം നിലനിർത്തുന്നതിന്റെ ഭാഗമായി സംരക്ഷണ നടപടികൾ ഉണ്ടാകുന്നു. ഓരോ മുതലാളിത്ത രാഷ്ട്രവും സ്വന്തം സംരക്ഷിത വിപണി വിപുലമാക്കാൻ ശ്രമിക്കുന്നു. അതിന്റെ ഫലമായി ആഗോളതലത്തിൽ വിപണികളുടെ പുനർവിഭജനത്തിനു വേണ്ടി കടുത്ത മൽസരം നടക്കുന്നു.

ഓരോ രാഷ്ട്രവും നടത്തിക്കൊണ്ടിരിക്കുന്ന ആയുധവൽക്കരണവും യുദ്ധവും സാമ്രാജ്യത്വത്തിന്റെ അനിവാര്യഘടകങ്ങളാണ്. തുടർച്ചയായ യുദ്ധങ്ങളും സാമ്പത്തികക്കുഴപ്പങ്ങളും ചേർന്ന് മുതലാളിത്തത്തെ പൊതു സാമ്പത്തികക്കുഴപ്പത്തിലേക്കു നയിച്ചുകൊണ്ടിരിക്കുകയാണ്. ഇവ മുതലാളിത്തത്തിന്റെ തകർച്ച അനിവാര്യമാക്കുന്നു.

മുതലാളിത്തം ഒരു ആഗോളവ്യവസ്ഥയായി മാറിയിരിക്കുന്നു വെന്നതിന്റെ സൂചനയാണ് സാമ്രാജ്യത്വം. അതേ സമയം, മുതലാളിത്തത്തിന്റെ അന്തിമഘട്ടമായാണ് സാമ്രാജ്യത്വത്തെ ഇടതുപക്ഷ ചിന്തകർ കണ്ടത്. സാമ്രാജ്യത്വത്തിന്റെ തകർച്ച ആഗോളതലത്തിൽ സോഷ്യലിസ്റ്റ് വ്യവസ്ഥയുടെ വളർച്ചയിലേക്കു നയിക്കുന്നു. മത്സരാധിഷ്ഠിത മുതലാളിത്തം ആ വ്യവസ്ഥയുടെ വികാസത്തെ സൂചിപ്പിച്ചുവെങ്കിൽ, സാമ്രാജ്യത്വം മുതലാളിത്തത്തിന്റെ അസ്ഥിരതയുടെ സൂചകമാണ്.

സാമ്രാജ്യത്വത്തിന്റെ വളർച്ച

ഒന്നാംലോക മഹായുദ്ധത്തിന്റെ അന്ത്യം ഈ നിരീക്ഷണങ്ങളും ശരിയാണെന്നു സമർത്ഥിച്ചു. വിജയിച്ച രാഷ്ട്രങ്ങളും തോറ്റ രാഷ്ട്രങ്ങളുടെ മേൽ അടിച്ചേൽപ്പിച്ച സന്ധികളും, കോളനികളും ലോകവിപണികളും പുനർവിഭജിക്കുന്നതിനു വേണ്ടിയുള്ളതായിരുന്നു. യുദ്ധത്തിൽ കാര്യമായി പങ്കുകൊള്ളാതെ മാറിനിന്ന അമേരിക്കൻ ഐക്യനാടുകളും വൻതോതിൽ മൂലധനക്കയറ്റുമതി നടത്തുന്ന രാഷ്ട്രമായി മാറി. അമേരിക്കയിൽ നിന്നുള്ള ഫൈനാൻസ് മൂലധനവും യൂറോപ്പിലേക്കൊഴുകി. വിവിധ രാഷ്ട്രങ്ങളിൽ പ്രവർത്തിക്കുന്ന വൻ കോർപറേഷനുകളും വളർന്നുവന്നു. രാഷ്ട്രങ്ങളുടെ അതിർവരമ്പുകളും ഒന്നിലധികം പ്രാവശ്യം പുനർനിർണയം ചെയ്യപ്പെട്ടു. പശ്ചിമേഷ്യയിലും വടക്കേ ആഫ്രിക്കയിലും കണ്ടെത്തപ്പെട്ട എണ്ണയും ദക്ഷിണാഫ്രിക്കയിൽ കണ്ടെത്തപ്പെട്ട വജ്രവും മറ്റു ലോഹങ്ങളും മുതലാളിത്തത്തിന്റെ വളർച്ചയുടെ പുതിയ അടിത്തറകളായി. വൈദ്യുതി ഉപകരണങ്ങളും ഉല്പാദനശേഷി വർദ്ധിപ്പിച്ചു. വിമാനങ്ങളും, റേഡിയോ, വയർലെസ്, ടെലിവിഷൻ മുതലായവ വാർത്താവിനിമയത്തിന്റെയും ഗതാഗതത്തിന്റെയും വേഗം വർദ്ധിപ്പിച്ചു. വിഭവങ്ങളുടെയും ഉൽപാദനത്തിന്റെയും നിയന്ത്രണം മേൽ സൂചിപ്പിച്ച വൻ കോർപ്പറേഷനുകളുടെ കീഴിലായി.

അമേരിക്കയിലെ സിംഗർ തുന്നൽ മെഷീൻ, എഡിസൻ സ്ഥാപിച്ച ജനറൽ ഇലക്ട്രിക്, ഫോർഡ്കാർ കമ്പനി, സോപ്പു കുത്തകയായ ലിവർ ബ്രദേർസ്, ഔഷധ നിർമ്മാതാക്കളായ ഫ്രെഡറിക്ക്ബേയർ, സ്ഫോടകവസ്തു നിർമ്മാതാവായ നോബൽ മുതലായവയായിരുന്നു അന്താരാഷ്ട്രതലത്തിൽ വികസിച്ചുവന്ന കമ്പനികൾ. ആദ്യഘട്ടത്തിൽ വികസിതരാഷ്ട്രങ്ങളിൽ മാത്രമാണ് ഇവ പ്രവർത്തിച്ചതെങ്കിലും അനുക്രമമായി കോളനികളിലേക്കും ഇവരുടെ സ്വാധീനം വ്യാ

പിച്ചു. ദക്ഷിണാഫ്രിക്കയുടെ ഒരു ഭാഗം സ്വന്തം കുത്തകയായി ലിവർ ബ്രദേഴ്സ് അവകാശപ്പെട്ടത് ഉദാഹരണമാണ്.

ഒന്നാംലോക മഹായുദ്ധം പുറത്തുകൊണ്ടുവന്ന മുതലാളിത്ത ആഭ്യന്തര പ്രശ്നങ്ങളും തീക്ഷ്ണമാവുകയായിരുന്നു. യൂറോപ്പിൽ വൻ ശക്തികളും തമ്മിലുള്ള തർക്കങ്ങളും പലവട്ടമൊതുക്കാൻ ശ്രമിച്ചുവെങ്കിലും അവ ഉരുണ്ടുകൂടി കൂടുതൽ തീവ്രമായി. യുദ്ധാനന്തര സാമ്പത്തിക പ്രതിസന്ധി തൊഴിലാളിവർഗത്തിന്റെയും മറ്റു വിഭാഗങ്ങളുടേയും തുടർച്ചയായ സമരങ്ങളിലേക്കു നയിച്ചു. കോളനികളിൽ ദേശീയ വിമോചനസമരങ്ങളും ശക്തമാകുകയും അവിടെ നിന്ന് വൻ ശക്തികൾക്കുള്ള വരുമാനം കുറഞ്ഞു വരുകയും ചെയ്തു. 1929-ലെ സ്റ്റോക്ക് എക്സ്ചേഞ്ച് തകർച്ച പ്രതിസന്ധിയെ കൂടുതൽ രൂക്ഷമാക്കി. സാമ്പത്തിക പ്രതിസന്ധിയും ആഭ്യന്തര രാഷ്ട്രീയ സാമൂഹ്യ പ്രശ്നങ്ങളും മൂലം തകർച്ചയുടെ വക്കത്തെത്തിയ പല മുതലാളിത്ത രാഷ്ട്രങ്ങളിലെയും ഭരണവർഗങ്ങളും ഒരു പുതിയ മോചന മാർഗം കണ്ടെത്തി—ഫാസിസം. കുത്തക മുതലാളിത്തത്തിലെ ഏറ്റവും യാഥാസ്ഥിതിക വിഭാഗവും സാമ്പത്തിക പ്രതിസന്ധിയുടെയും അനിശ്ചിതത്വത്തിന്റെയും നീർച്ചുഴിയിൽപെട്ട മദ്ധ്യവർഗവും ചേർന്നു സൃഷ്ടിച്ച ഫാസിസ്റ്റ് പ്രസ്ഥാനങ്ങളും ജർമ്മനി, ഇറാലി, സ്പെയിൻ മുതലായ രാഷ്ട്രങ്ങളിൽ ഏകാധിപത്യ ഭരണകൂടങ്ങളും സ്ഥാപിക്കുന്നതിലേക്ക് നയിച്ചു.

1917 ലെ റഷ്യൻ വിപ്ലവം ലോകരാഷ്ട്രീയത്തിൽ പുതിയ മാനങ്ങളും സൃഷ്ടിച്ചു. സാമ്രാജ്യത്വത്തിന്റെ ദുർബലമായ കണ്ണിയെന്നു ലെനിൻ വിശദീകരിച്ച റഷ്യയിൽ നടന്ന വിപ്ലവം മുതലാളിത്തത്തിനു ബദലായ ഒരു സമൂഹവ്യവസ്ഥയെക്കുറിച്ചുള്ള ധാരണകളെ ശക്തിപ്പെടുത്തി. സോഷ്യലിസത്തെ ഒരു യാഥാർഥ്യമാക്കാൻ നടത്തിയ അതിതീവ്രമായ ശ്രമങ്ങളും ആഗോളതലത്തിൽ സാമ്രാജ്യത്വ വിരുദ്ധസമരങ്ങൾക്കു ആക്കംകൂട്ടി. കമ്മ്യൂണിസത്തെ തച്ചുടക്കാനുള്ള ശ്രമങ്ങളും ജർമ്മനിയിലും ഇറാലിയിലും ഫാസിസ്റ്റ് ശക്തികളുടെ വളർച്ചയിലേക്കുനയിച്ചു.

ദേശീയ വിമോചനസമരങ്ങളും, സാമ്രാജ്യത്വ വിരുദ്ധസമരങ്ങളും, സോഷ്യലിസത്തിന്റെ വളർച്ച എന്നിവ ചേർന്ന് ലോകത്തിലെ ജനാധിപത്യ ശക്തികളുടെ മുന്നേറ്റത്തിനു കാരണമായി. രാഷ്ട്രീയമണ്ഡലത്തിലൊതുങ്ങിനിന്ന പ്രതിഭാസമായിരുന്നില്ല ഇത്. കല, സാഹിത്യം, ശാസ്ത്രം തുടങ്ങിയ മേഖലകളിലേക്കെല്ലാം ഇതിന്റെ സ്വാധീനം വ്യാപിച്ചു. വാർത്താവിനിമയ മാധ്യമങ്ങളും, പുസ്തകങ്ങളും മുതലായ

വയുടെ വ്യാപനം വിജ്ഞാനത്തിന്റെയും സാംസ്കാരിക രൂപങ്ങളുടെയും വ്യാപനം സാധ്യമാക്കി.

സാമ്രാജ്യത്വ ലോകത്തിൽ നടന്ന സംഘർഷങ്ങളും രണ്ടാംലോക മഹായുദ്ധത്തിലേക്കുനയിച്ചു. യുദ്ധം ഫാസിസ്റ്റുകളെ തോൽപിക്കുന്നതിനുള്ള ആഗോള സമരമായി മാറി. 1941 ൽ ഹിറ്റ്ലറുടെ ജർമനി യു.എസ്സ്. എസ്സ്. ആറിന്റെ മേൽനടത്തിയ ആക്രമണം പരാജയപ്പെട്ടു. ചുവപ്പുസൈന്യം കിഴക്കൻ യൂറോപ്പിനെ മുഴുവൻ ഫാസിസത്തിൽ നിന്നു മോചിപ്പിച്ചു. ചുവപ്പുസൈന്യം ജർമ്മനിക്കകത്തു കടന്നു. ആദ്യഘട്ടങ്ങളിൽ ആയുധക്കച്ചവടത്തിൽ ഊന്നിയ അമേരിക്ക യുദ്ധരംഗത്തു വന്നു. ഹിറ്റ്ലർ കീഴടങ്ങുകയും ജപ്പാനിൽ അമേരിക്ക അണുബോംബിടുകയും ചെയ്തു.

ശാക്തിക ചേരികളുടെ ഉദയം

യുദ്ധത്തിനുശേഷം രണ്ടു ശാക്തികചേരികളാണ് വളർന്നുവന്നു. അമേരിക്കയുടെ നേതൃത്വത്തിലുള്ള സാമ്രാജ്യത്വ ചേരിയും സോവിയറ്റ് യൂണിയന്റെ നേതൃത്വത്തിലുള്ള സോഷ്യലിസ്റ്റ് ചേരിയും. കോളനികളിൽ അലയടിച്ച ദേശീയ വിമോചനസമരങ്ങളും വിജയിച്ചു. സോഷ്യലിസം ഇവയിൽ പലതിന്റെയും അടിസ്ഥാന വികസനപാതയായി. പരമ്പരാഗത കൊളോണിയലിസം തകർന്നു തുടങ്ങി. സാമ്രാജ്യത്വത്തിന്റെ ആഗോളാധിപത്യ ശ്രമങ്ങൾക്ക് കനത്ത തിരിച്ചടിയേൽക്കുന്നതിന്റെ സൂചനകളായിരുന്നു കോളനികളും അതല്ലാതാവലും സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളുടെ വളർച്ചയും.

രാഷ്ട്രീയ സാമ്പത്തിക മേഖലകളിലും ആശയരംഗത്തും തീവ്രമായ സംഘട്ടനത്തിന്റെ കാലമാണ് ഉണ്ടായത്. വൽതോതിലുള്ള സായുധസംഘർഷങ്ങളുണ്ടായില്ലെന്നു മാത്രം. സാമ്രാജ്യത്വം ഗ്രീസിലും കൊറിയയിലും രാഷ്ട്രീയമായി ഇടപെട്ടു. തെക്കൻ വിയറ്റ്നാമിൽ അവർ തങ്ങളോട് വിധേയത്വമുള്ള ശവൺമെൻറിനെ പ്രതിഷ്ഠിക്കുകയും വിയറ്റ്നാം മോചനസമരത്തെ തകർക്കാനുള്ള എല്ലാ ശ്രമങ്ങളും നടത്തുകയും ചെയ്തു. നാറ്റോ മുതലായ സൈനിക സഖ്യങ്ങളുണ്ടായി. അവർ സ്വന്തം ശാസ്ത്ര സാങ്കേതിക കഴിവുകളിൽ സിംഹഭാഗവും ആയുധവൽക്കരണത്തിനായുപയോഗിച്ച് സ്വന്തം നാട്ടിലും പുറത്തും സോഷ്യലിസത്തിനെതിരായി ശക്തമായ ആശയ പ്രചാരണം നടത്തി. ഇവക്കെല്ലാം പ്രതിരോധമാർഗങ്ങളും തേടേണ്ട ബാധ്യത സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളിലും വന്നുവീണു. 'ശീതസമരം' എന്ന പേരിലറിയപ്പെടുന്ന ഈ കാലഘട്ടത്തിൽ സാമ്രാജ്യത്വത്തിനു പൂർണവിജയം നേടാ

നായില്ല. സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളും സാമ്പത്തിക സാമൂഹ്യരംഗങ്ങളിൽ കൈവരിച്ച നേട്ടങ്ങളും സാമ്രാജ്യത്വത്തിന്റെ മുന്നേറ്റത്തെ തടഞ്ഞുനിർത്തി. ഇന്ത്യയെപ്പോലുള്ള പല രാഷ്ട്രങ്ങളും സ്വന്തം വികസനപ്രവർത്തനങ്ങൾക്ക് സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളുടെ സഹായം തേടി.

ഇന്ത്യയുംപ്പെടെ പല മുൻകോളനികളും മുതലാളിത്ത വികസന പാത പിന്തുടർന്നു. എങ്കിലും സാമ്രാജ്യത്വത്തോടുള്ള വിധേയത്വത്തിൽ നിന്നു വിട്ടുനിൽക്കുകയും ഐക്യരാഷ്ട്രസഭപോലുള്ള വേദികളിൽ സാമ്രാജ്യത്വതന്ത്രങ്ങൾക്കെതിരായി സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളോടൊരുമിച്ചുനിൽക്കുകയും ചെയ്തു. ഇതും സാമ്രാജ്യത്വത്തിന്റെ ആധിപത്യശ്രമങ്ങൾക്ക് തടസ്സമായി.

മുതലാളിത്തത്തിന്റെ ഘടനാപരമായ വികാസം

ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിൽ ഉണ്ടായ പ്രതിസന്ധി മുതലാളിത്തത്തിൽ ഘടനാപരമായ മാറ്റങ്ങൾ വരുത്താൻ പ്രേരിപ്പിച്ചു. ഭരണകൂടം വ്യവസായങ്ങളുടെ പ്രവർത്തനത്തിൽ കൂടുതൽ വ്യാപകമായിടപെട്ടു തുടങ്ങി. ഫൈനാൻസിങ്ങ്, സാമൂഹ്യക്ഷേമ നടപടികൾ എന്നിവയിലാണ് ഏറ്റവുമധികം ഇടപെടൽ ഉണ്ടായത്. തൊഴിൽ ഭദ്രത ഉറപ്പുവരുത്താനും അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റാനുമുള്ള നടപടികൾ ആരംഭിച്ചു. അതേ സമയം, ഉൽപാദനപ്രക്രിയയെ മെച്ചപ്പെടുത്താനും ഉൽപാദനം വർധിപ്പിക്കാനുമുള്ള മാനേജ്മെന്റ് സംവിധാനങ്ങൾ വളർന്നുവന്നു. അസംബ്ലി ലൈൻ—കൺവേയർ ബെൽട്ട് ഉൽപാദനരീതികൾ വ്യാപകമായി ഉപയോഗിക്കപ്പെട്ടു. ശാസ്ത്ര സാങ്കേതിക വിദ്യകളുടെ വിപുലമായ ഉപയോഗം വിദഗ്ധതൊഴിലാളികളുടെയും സാങ്കേതിക വിദഗ്ധരുടെയും ശക്തമായ നിരയെ സൃഷ്ടിക്കുകയും ഒരു "ലേബർ അരിസ്റ്റോക്രസി" (തൊഴിലാളി പ്രഭുത്വം) ഉയർന്നുവരുകയും ചെയ്തു.

യുദ്ധങ്ങൾക്കു ശേഷം മുതലാളിത്തത്തിന്റെ പ്രവർത്തന രൂപങ്ങൾ കൂടുതൽ സങ്കീർണമായി. യുദ്ധം മൂലം തകർന്ന യൂറോപ്പിലെ സമ്പദ് വ്യവസ്ഥകളെ പുനരുജ്ജീവിപ്പിക്കാൻ അമേരിക്കയുടെ മാർഷൽ പ്ലാനനുസരിച്ചുള്ള ധന സഹായ പദ്ധതി സഹായിച്ചു. അമേരിക്കതന്നെ ജപ്പാന്റെ പുനരുദ്ധാരണത്തിനുള്ള ധനവും സാങ്കേതികവിദ്യകളും നൽകി. ചൈനീസ് വിപ്ലവത്തിനു ശേഷം തായ്വാൻ, ഹോങ്കോങ്ങ് എന്നീ പ്രദേശങ്ങൾക്കും കൊറിയൻ യുദ്ധത്തിനു ശേഷം ദക്ഷിണ കൊറിയയ്ക്കും അമേരിക്ക ഇത്തരത്തിലുള്ള സഹായങ്ങൾ നൽകി. ആഗോളതലത്തിലുള്ള ധന സഹായ പദ്ധതികൾ ഏകോപി

ക്കാൻ സാർവ്വ ദേശീയ നാണയ നിധി (I M F) പ്രവർത്തനമാരംഭിച്ചു. അന്താരാഷ്ട്രതലത്തിലുള്ള ബാങ്കിങ്ങ് സംവിധാനങ്ങളെ നിയന്ത്രിക്കാൻ ലോകബാങ്ക് പ്രവർത്തനമാരംഭിക്കുകയും അമേരിക്കൻ കമേഴ്സ്യൽ ബാങ്കുകളിലെ ഉദ്യോഗസ്ഥന്മാരെ ഇതിന്റെ പ്രധാന സ്ഥാനങ്ങളിൽ നിയമിക്കുകയും ചെയ്തു. വികസിത രാഷ്ട്രങ്ങൾക്കിടയിലെ വാണിജ്യ പ്രശ്നങ്ങൾ ചർച്ച ചെയ്യാനായി ഗാട്ട് എന്ന സമിതിയും പ്രവർത്തനമാരംഭിച്ചു.

ലോക യുദ്ധങ്ങളുടെ കാലത്തു തന്നെ ആയുധക്കച്ചവടം ചെയ്തു ലാഭമുണ്ടാക്കിയ അമേരിക്ക യുദ്ധത്തിനു ശേഷം തങ്ങളുടെ പ്രവർത്തനം അതിവിപുലമാക്കി. നാറ്റോ സഖ്യത്തെ ഉപയോഗപ്പെടുത്തി യൂറോപ്പിൽ ആയുധ ശേഖരങ്ങൾ സ്ഥാപിച്ചു. നിരവധി ആഫ്രോ ഏഷ്യൻ രാജ്യങ്ങൾക്ക് ആയുധങ്ങൾ വിറ്റു. അമേരിക്കയുടെ പ്രധാന വരുമാന മാർഗം ആയുധങ്ങളാവുകയും ആ രാഷ്ട്രം ഒരു സൈനിക വ്യവസായ കോംപ്ലക്സായി മാറുകയും ചെയ്തു. സ്വീഡൻ, പശ്ചിമ ജർമ്മനി. ഫ്രാൻസ് മുതലായ രാഷ്ട്രങ്ങളിലെ കുത്തകകളും ആയുധ നിർമ്മാണത്തിലേർപ്പെട്ടു. ഇത്തരത്തിൽ ഒരു ആയുധ വിപണി (Arms Bazaar) രൂപം കൊണ്ടു.

ശാസ്ത്രസാങ്കേതികവിദ്യകളുടെയും വിഭവങ്ങളുടെയും ഉപയോഗത്തിൽ വൻ തോതിലുള്ള മാറ്റങ്ങളുണ്ടായി. പശ്ചിമേഷ്യയിലെ പെട്രോളിയം വിഭവത്തിന്റെ കണ്ടുപിടിത്തം വമ്പിച്ച ഊർജ്ജസ്രോതസ്സിനെ തുറന്നു കാട്ടുകയും അതിനെ ഖനനം ചെയ്ത് വിപണനം ചെയ്യുന്ന 'ഏഴു സഹോദരിമാർ' എന്ന എണ്ണക്കുത്തകകളും ലോകത്തിലെ ഏറ്റവും ഭീമൻ കോർപറേഷനുകളായി മാറുകയും ചെയ്തു. അത്രയും വ്യാപകമായ തോതിലല്ലെങ്കിലും ഊർജോല്പാദനത്തിനു് അണുശക്തിയും ഉപയോഗിക്കപ്പെട്ടു. ഇലക്ട്രോണിക്സ് മേഖലയിലെ കണ്ടുപിടിത്തങ്ങളും പ്രത്യേകിച്ച് കമ്പ്യൂട്ടറുകളും വ്യവസായങ്ങളുടെ ഘടനയിൽ വരുത്തിയ മാറ്റം ഇന്നും തുടരുകയാണ്. കമ്പ്യൂട്ടറുകളും ടെലികമ്മ്യൂണിക്കേഷനിൽ വന്ന വമ്പിച്ച മാറ്റങ്ങളും വ്യാവസായികോൽപാദനം, മാനേജ്മെന്റ്, വിപണനം എന്നിവയുടെ ഘടനയിൽ മാറ്റങ്ങളും വരുത്തി. സാംസ്കാരിക മേഖലയെയും സേവന മേഖലയെയും പൂർണമായി വ്യവസായ വൽക്കരിക്കാനും ഇവ സഹായിച്ചു.

ഏറ്റവും അവസാനമായി രാസ സാങ്കേതിക വിദ്യകളിലും ജൈവസാങ്കേതിക വിദ്യയിലും വന്നുകൊണ്ടിരിക്കുന്ന മുന്നേറ്റങ്ങളും ഉൽപാദന വിപണന രൂപങ്ങളിൽ പുതിയ മാനങ്ങളും സൃഷ്ടിക്കുന്നു. നിരവധി പ്രകൃതിദത്തമായ ഉല്പന്നങ്ങൾക്ക് കൃത്രിമ ബദലുകളും

കണ്ടെത്തിക്കൊണ്ടിരിക്കുന്നു. പോളിമർ രംഗത്തുള്ള നിരവധി പുതിയ കണ്ടുപിടിത്തങ്ങളും ഉദാഹരണങ്ങളാണ്. ജൈവസാങ്കേതിക വിദ്യകളുടെ വികാസം ഉന്നതഫലശേഷിയുള്ള വിത്തുകളും സസ്യജനുസ്സുകളും വളർത്തിയെടുത്തിരിക്കുന്നു. കീടനാശിനികളായും കളനാശിനികളായും ജൈവജനുസ്സുകളെ ഉപയോഗിക്കാമെന്ന കണ്ടുപിടിത്തം ''ജൈവവിപ്ലവം'' സൃഷ്ടിക്കുമെന്നു വിലയിരുത്തപ്പെടുന്നു. ഈ കണ്ടുപിടിത്തങ്ങളും കാർഷിക രംഗത്തു മാത്രമല്ല, വൈദ്യശാസ്ത്രം പോലുള്ള മേഖലകളിലും കാതലായ മാറ്റങ്ങളും വരുത്തിക്കൊണ്ടിരിക്കുന്നു.

സാമ്രാജ്യത്വം യുദ്ധത്തിനുശേഷം

യുദ്ധത്തിനുശേഷം 1970 വരെയുള്ള കാലഘട്ടം മുതലാളിത്ത ലോകത്തിനു അഭിവൃദ്ധിയുടെ കാലഘട്ടമായിരുന്നു. തുടർന്നു വ്യാവസായിക ലോകം മാന്ദ്യത്തെയും അനുക്രമമായ സാമ്പത്തികത്തകർച്ചയെയും നേരിട്ടുതുടങ്ങി. എഴുപതുകളിൽ എണ്ണ ഉൽപാദക രാഷ്ട്രങ്ങളും എണ്ണ ഉല്പന്നങ്ങളുടെ വില വർദ്ധിപ്പിച്ചതു കുഴപ്പത്തെ മൂർച്ഛിപ്പിച്ചു, മിക്കവാറും മുതലാളിത്ത രാഷ്ട്രങ്ങളിലും ഉൽപാദനം മുരടിച്ചു. അമേരിക്കയിലെ വികസനത്തോതു വൻതോതിൽ ഇടിഞ്ഞു. എഴുപതുകളുടെ തുടക്കത്തോടെ യൂറോപ്യൻ ഇക്കണോമിക് കമ്മ്യൂണിറ്റിയും ജപ്പാനും പോലുള്ള മറ്റു ശക്തികളും സാമ്പത്തിക വളർച്ചയിൽ അമേരിക്കയോടൊപ്പമെത്തുകയോ ചില മേഖലകളിൽ മുമ്പിൽ കടക്കുകയോ ചെയ്തിരുന്നു. എഴുപതുകളുടെ അവസാനം സാമ്പത്തികമാന്ദ്യം പൊതു പ്രതിഭാസമായി മാറി.

സാമ്പത്തികമാന്ദ്യത്തിന്റെ ഘട്ടത്തിലാണ് മുതലാളിത്തത്തിന്റെ ആഭ്യന്തരനയങ്ങളിൽ വീണ്ടും മാറ്റം വന്നത്. തൊഴിൽ ദ്രോതയ്ക്കും സാമൂഹ്യക്ഷേമത്തിനും വേണ്ട നടപടികളും വെട്ടിക്കുറയ്ക്കുകയും ആപണം രാജ്യരക്ഷയുടെ പേരിൽ ആയുധവൽക്കരണത്തിനായി നീക്കിവെയ്ക്കുകയും ചെയ്തു. പല രാഷ്ട്രങ്ങളിലും നിലവിലുള്ള പൊതുമേഖലാ സർവീസുകളും സ്വകാര്യവൽക്കരിക്കാൻ ആരംഭിച്ചു. കാര്യക്ഷമതയുടെ പേരിൽ ജനങ്ങൾക്കുവേണ്ടിയുള്ള നിരവധി സേവനരൂപങ്ങളും നിർത്തിവെക്കപ്പെട്ടു. മറ്റ് രാഷ്ട്രങ്ങളിൽ മൂലധനനിക്ഷേപം നടത്താനും വിപണികളും കണ്ടെത്താനുമുള്ള എല്ലാ തരത്തിലുള്ള സമ്മർദ്ദതന്ത്രങ്ങളും ഉപയോഗിച്ചുതുടങ്ങി. യുദ്ധഭീഷണി ഇതിനുള്ള ഫലപ്രദമായ മാർഗമായിരുന്നു. അതേ സമയം സ്വന്തം രാഷ്ട്രങ്ങളിലെ വിപണികളും സംരക്ഷിക്കാനുള്ള നടപടികളും കൈക്കൊള്ളുകയും ചെയ്തു. 'റീഗണോമിക്സ്', 'താച്ചറിസം' മുതലായ പേരുകളിൽ അറിയപ്പെ

ടുന്ന ഈ നടപടികളുടെ പിന്നിലാണ് ''പുതുലോകക്രമം'' സൃഷ്ടിക്കാനുള്ള ഏറ്റവുമവസാനത്തെ ശ്രമങ്ങളും നടക്കുന്നത്.

സാമ്രാജ്യത്വം ഇന്ന്

കഴിഞ്ഞ അരനൂറ്റാണ്ടിലെ സംഭവങ്ങളും സാമ്രാജ്യത്വത്തിന്റെ സ്വഭാവത്തിൽ സുപ്രധാനമായ മാറ്റങ്ങളും വരുത്തിയിട്ടുണ്ട്. അവയെ താഴെപ്പറയും പ്രകാരം സംഗ്രഹിക്കാം.

a) മൂലധനകേന്ദ്രീകരണം ഇന്ന് ആഗോളവൽക്കരിക്കപ്പെടുകയും ഏതാനും കരങ്ങളിലൊതുങ്ങുകയും ചെയ്യുന്നു. വൻ അന്തരാഷ്ട്ര കോർപറേഷനുകളും ലോകത്തിലെ വിഭവങ്ങളുടെയും ശാസ്ത്രസാങ്കേതിക വിദ്യകളുടെയും വിപണികളുടെയും വമ്പിച്ച ഭാഗം കൈയടക്കിയിരിക്കുന്നു. ലോകസമ്പത്തിന്റെ സിംഹഭാഗവും വികസിത മുതലാളിത്ത രാഷ്ട്രങ്ങളിലൊതുങ്ങിയിരിക്കുന്നു.

b) മൂലധനക്കയറ്റുമതി തുടരുന്നു. അതിന്റെ ഭൂരിഭാഗവും വികസിത മുതലാളിത്ത രാഷ്ട്രങ്ങളിൽ തന്നെയാണ് നടക്കുന്നത്. അതിനോടൊപ്പം അവികസിത രാഷ്ട്രങ്ങളുടെയും ഇടയിടെയായി മുൻസോഷ്യലിസ്റ്റ് രാഷ്ട്രങ്ങളുടെയും വിപണികളും കയ്യടക്കാനുള്ള ശ്രമങ്ങളും നടക്കുന്നു.

c) വിപണികളുടെ പുനർവിഭജനത്തിനുള്ള മത്സരം തുടരുന്നു. ഇപ്പോഴും ഇത് അമേരിക്ക, ഇ. ഇ. സി. ജപ്പാൻ എന്നിവരുടെ മത്സരമായാണ് പ്രധാനമായും നടക്കുന്നത്.

d) ഫൈനാൻസ് മൂലധനം പതിന്മടങ്ങ് ശക്തിപ്പെട്ടിരിക്കുന്നു. ലോകബാങ്ക്, ഐ. എം. എഫ്. മുതലായ ധനസഹായ ഏജൻസികളും വിവിധ വൻകിട കമേഴ്സ്യൽ ബാങ്കുകളും ആണ് ലോകഫൈനാൻസ് നിയന്ത്രിക്കുന്നത്. ഐ. എം. എഫ്. ലോകബാങ്ക് അച്ചുതണ്ടിന്റെ വായ്പാ നിബന്ധനകളും നിരുപാധി രാഷ്ട്രങ്ങളെ കടക്കെണിയിലാഴ്ത്തിയിരിക്കുന്നു.

e) പഴയ രൂപത്തിലുള്ള കൊളോണിയലിസം (ദക്ഷിണാഫ്രിക്കയുടെ ഭാഗികമായ ഉദാഹരണമൊഴിച്ചാൽ) നിലനിൽക്കുന്നില്ല. എങ്കിലും ആഗോളതലത്തിൽ വിഭവങ്ങളുടെയും ശാസ്ത്രസാങ്കേതികവിദ്യകളുടെയും വിപണികളുടെയും മേൽ പൂർണ നിയന്ത്രണം ഏറ്റെടുക്കാനുള്ള ശ്രമം നടക്കുന്നു. ആഗോള

വൽക്കരണം എന്ന ഓമനപ്പേരിൽ നടക്കുന്ന ഈ പ്രവണത പര മാധികാര രാഷ്ട്രങ്ങളിലെ സാമ്പത്തിക രാഷ്ട്രീയ പ്രക്രിയ കളെപ്പോലും സ്വന്തം നിബന്ധനകൾക്കു കീഴിൽ കൊണ്ടുവ രാനായി ശ്രമിക്കുന്നു. റീ കോളനൈസേഷന്റെ ശക്തികൾ വളർന്നുവരുന്നു. ഗാട്ട് ചർച്ചകളിലും ഭൗമ ഉച്ചകോടിയിലും സാമ്രാജ്യത്വത്തിന്റെ ഈ പ്രവണതകളാണ് കാണുന്നത്.

f) ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യഘട്ടങ്ങളിൽ പ്രകടമല്ലാത്ത മറ്റു ചില ഘടകങ്ങളും ശക്തിപ്പെട്ടുവരുന്നു. ശാസ്ത്രസാ ങ്കേതികവിദ്യകൾ ഉല്പാദനേ വിപണന വ്യവസ്ഥകളിൽ നിർണായക സ്വാധീനം ചെലുത്തുകയും അവയുടെ മേൽ സാ മ്രാജ്യത്വം കുത്തകാവകാശം സ്ഥാപിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. ബൗദ്ധിക സമ്പത്തവകാശത്തെക്കുറിച്ചു നട ക്കുന്ന ചർച്ചകളും ഗാട്ടിനു വേണ്ടി അവതരിപ്പിക്കപ്പെട്ട ഡങ്കൽ ടെക്സ്റ്റിലെ നിർദ്ദേശങ്ങളും ഇതിനെ സൂചിപ്പിക്കുന്നു.

മൂലധന കയറ്റുമതിയോടൊപ്പം വിവിധ തരത്തിലുള്ള സേവന രൂപങ്ങളുടെയും സാങ്കേതിക വൈദഗ്ദ്ധ്യത്തിന്റെയും കയറ്റുമതി വളർന്നു വരുന്നു. ആധുനിക സാങ്കേതികവിദ്യാ കൈമാറ്റത്തിന്റെ വലിയ ഭാഗം ഇതാണ്. സൂപ്പർ കമ്പ്യൂട്ടറുകൾ, ടെലികമ്മ്യൂണിക്കേ ഷൻ ശൃംഖലകൾ, ഹോട്ടൽ ശൃംഖലകൾ, വിദ്യാഭ്യാസത്തിനു വേണ്ട കിറ്റുകൾ, ടൂറിസം തുടങ്ങിയവയെല്ലാം ഇത്തരം കയറ്റുമതിയിൽ പെടുന്നു. ആഗോളതലത്തിൽ വളർന്നുവരുന്ന വിവര സംപ്രേഷണ ശൃംഖലയുടെ ഉപയോഗവും പ്രധാനമാണ്. വിവരം നൽകുന്ന രീതി യും അതിനെ നിയന്ത്രിക്കുന്നതിന് സാമ്രാജ്യത്വം സ്വീകരിക്കുന്ന മാർ ഗങ്ങളും ആഗോള രാഷ്ട്രീയത്തിന്റെയും സമ്പദ്ഘടനയുടെയും സ്വഭാവത്തെ സാധീനിക്കുന്നു.

കഴിഞ്ഞ നൂറ്റാണ്ടു മുതൽ നടക്കുന്ന വിപുലമായ വിഭവ ചൂഷ ണവും ആണവോർജം പോലുള്ള ഊർജസ്രോതസ്സുകളുടെ നിയന്ത്രണവും പരിസ്ഥിതി പ്രശ്നത്തെ സജീവമായി മുന്നിൽ കൊണ്ടുവന്നിരി ക്കുന്നു. പ്രകൃതിയെ പുനഃക്രമീകരിക്കാനുള്ള ആധുനിക സാങ്കേതി കവിദ്യയുടെ കഴിവും ഈ പ്രശ്നത്തെ കൂടുതൽ മൂർത്തമായി ഉയർ ത്തുന്നു. അതേ സമയം, പരിസ്ഥിതി നാശത്തിന്റെ ഉത്തരവാദിത്ത ത്തെച്ചൊല്ലി നടക്കുന്ന വിവാദം ആഗോളതലത്തിലെ ചേരിതിരിവുക ളെ പ്രകടമാക്കുന്നു.

ഇൻഫർമേഷൻ ടെക്നോളജിയുടെയും ഇലക്ട്രോണിക് മാധ്യ മങ്ങളുടെയും വളർച്ച വിവര വിപ്ലവത്തിലേക്കു നയിക്കുക മാത്ര

മല്ല സാംസ്കാരിക ഉല്പാദനത്തിലെ കൊളോണിയൽ പ്രവണതയെയും ശക്തിപ്പെടുത്തുന്നു. സാമ്രാജ്യത്വ ശക്തികളിലെ സമൂഹക്രമത്തെയും സാംസ്കാരിക രൂപങ്ങളെയും ആദർശവൽക്കരിച്ച് അവതരിപ്പിക്കുകയും സാമ്പത്തികവും സാംസ്കാരികവുമായ വിധേയത്വം വളർത്തിയെടുക്കുകയും ചെയ്യുന്നു. സാമ്രാജ്യത്വം നടത്തുന്നയുദ്ധങ്ങളെപ്പോലും ആദർശവൽക്കരിക്കുന്നതിന്റെ ഉദാഹരണങ്ങളും ഗൾഫ് യുദ്ധത്തിന്റെ റിപ്പോർട്ടിങ്ങിലും, വിയറ്റ് നാം മുതലായ യുദ്ധങ്ങളെ ആസ്പദമാക്കിയെടുത്ത സിനിമകളിലും (''റാംബോ'' തരംഗം) കണ്ടതാണ്. പത്തൊമ്പതാം നൂറ്റാണ്ടിൽ പാശ്ചാത്യവിജ്ഞാനവും സംസ്കാരവും തങ്ങളോട് വിധേയത്വമുള്ള ഒരു മധ്യവർഗത്തെ സൃഷ്ടിക്കാൻ വേണ്ടി ഉപയോഗപ്പെടുത്തിയെങ്കിൽ, ഇന്ന് ജനജീവിതത്തെയും ചിന്തയെയും തങ്ങൾക്കനുയോജ്യമായ വിധത്തിൽ രൂപപ്പെടുത്താനുള്ള ഉപകരണമായി സംസ്കാരത്തെ ഉപയോഗിക്കുന്നു.

'പുതുലോകക്രമ'ത്തിന്റെ അന്തഃസത്ത

സോവിയറ്റ് യൂണിയനിലും കിഴക്കേ യൂറോപ്യൻ രാഷ്ട്രങ്ങളിലും സോഷ്യലിസത്തിനേറ്റ തിരിച്ചടി ലോകസമൂഹക്രമത്തെക്കുറിച്ചൊരു ചർച്ച അനിവാര്യമാക്കിയിരിക്കുന്നു. കാരണം, നിലവിലുള്ള സോഷ്യലിസ്റ്റ് ചേരിയുടെ ദൗർബല്യത്തെ പരമാവധി ഉപയോഗപ്പെടുത്തി സാമ്രാജ്യത്വം സ്വന്തം ശക്തി വർദ്ധിപ്പിക്കാൻ ശ്രമിക്കുകയാണ്. ഏറ്റവും ശക്തമായ സൈനിക രാഷ്ട്രമെന്ന നിലയിൽ അമേരിക്കയാണ് ഇതിനു മുൻകൈയെടുക്കുന്നത്. ഗൾഫ് യുദ്ധവും ലിബിയൻ പ്രശ്നവും കൂടാതെ ലോകത്തിലെ വിവിധ കോണുകളിൽ നടക്കുന്ന തർക്കങ്ങളിലെല്ലാം അമേരിക്ക ഇടപെട്ടുകൊണ്ടിരിക്കുന്നു. അമേരിക്കൻ താൽപര്യങ്ങൾക്ക് കീഴടങ്ങാത്ത രാഷ്ട്രങ്ങൾക്കെതിരെ പ്രതികാര ഭീഷണി ഉയരുന്നു. പരസ്പരം എന്തെല്ലാം അഭിപ്രായ വ്യത്യാസങ്ങളുണ്ടെങ്കിലും, സോഷ്യലിസ്റ്റ് വിരുദ്ധ പ്രചാരണത്തിന്റെ കാര്യത്തിലും അവികസിത രാഷ്ട്രങ്ങളെ അടിച്ചൊതുക്കുന്നതിന്റെ കാര്യത്തിലും എല്ലാ വികസിത രാഷ്ട്രങ്ങളും അമേരിക്കയോടൊപ്പമാണ്. ''പുതുലോകക്രമം'' സ്വന്തം ആധിപത്യത്തെ അരക്കിട്ടുറപ്പിക്കാൻ ഉപയോഗിക്കുന്ന പദമാണ്, സാമ്രാജ്യത്വ വിരുദ്ധ ശക്തികളെ ഭീഷണിപ്പെടുത്താനുള്ള പ്രയോഗവുമാണ്. 'പുതുലോകക്രമത്തിന്റെ' പ്രത്യാഘാതങ്ങൾ ഇന്ന് ഭൂരിപക്ഷം ജനങ്ങൾ താമസിക്കുന്ന ലോകത്തിലെ ദരിദ്ര രാഷ്ട്രങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ലോകത്തിലെ ഒരു വിഭാഗത്തിന്റെ സിംഹഭോഗവും, വിഭവങ്ങളുടെ വലിയ ഭാഗവും ദരിദ്ര

രാഷ്ട്രങ്ങളുടെ കൈയിലാണുള്ളത്. എന്നാൽ, അവയെ ചൂഷണം ചെയ്യാനും, ഉൽപന്നങ്ങളാക്കി മാറ്റുവാനുമുള്ള കഴിവ് സാമ്രാജ്യത്വം വളർത്തിയെടുത്തിരിക്കുന്നു. ലോകത്തിലെ സമ്പത്തിന്റെ ഭൂരിഭാഗവും ധനികന്യൂനപക്ഷത്തിന്റെ ഉപയോഗത്തിനാണ് ചെലവഴിക്കപ്പെടുന്നത്. അവർക്കുവേണ്ട ഉപഭോഗവസ്തുക്കൾ, സേവനമേഖലകൾ തുടങ്ങിയവ അതിവേഗം വളർന്നുവരുമ്പോൾ, അവയുടെ ഭാരം മുഴുവൻ ചുമക്കേണ്ടിവരുന്നത് ദരിദ്രരാഷ്ട്രങ്ങളിലെ ജനങ്ങളാണ്. യൂറോപ്പിലെ കാർഷിക രാഷ്ട്രങ്ങളിലും അമേരിക്കയിലും മിച്ചക്ഷ്യ ഉൽപാദനം നടക്കുമ്പോൾ ആഫ്രിക്കയിലെയും ഭക്ഷിണേഷ്യയിലെയും ജനങ്ങൾ പട്ടിണി കിടക്കുന്നു. ദരിദ്രരാഷ്ട്രങ്ങളിലെ ജൈവസമ്പത്തു മുഴുവൻ അന്താരാഷ്ട്ര ജീൻ ബാങ്കുകളിലോ ബഹുരാഷ്ട്ര കുത്തകകളുടെ നിയന്ത്രണത്തിലോ വരുമ്പോൾ, അവിടത്തെ ജനതയ്ക്ക് നിത്യജീവിതമാർഗംപോലും നഷ്ടപ്പെടുകയാണ്. മൂലധനത്തിന്റെ അമിത കേന്ദ്രീകരണം, ദരിദ്രരാഷ്ട്രങ്ങളുടെ വികസനത്തെ ബാധിക്കുന്നതു കൂടാതെ, ബൗദ്ധികസമ്പത്തവകാശത്തിലൂടെ വിജ്ഞാനത്തിന്റെയും ശാസ്ത്ര സാങ്കേതിക വിദ്യകളുടെയും മേൽ അമേരിക്ക സ്ഥാപിക്കാൻ ശ്രമിക്കുന്ന നിയന്ത്രണം അവരുടെ ശാസ്ത്ര സാങ്കേതിക ശേഷിയും നശിപ്പിക്കുന്നു.

സാമ്രാജ്യത്വത്തിന്റെ അമിത വികസനവും അമിത ഉപഭോഗവും സൃഷ്ടിക്കുന്ന പരിസ്ഥിതി നാശത്തിന്റെ ഭാരം താങ്ങേണ്ടിവരുന്നത് ദരിദ്രരാഷ്ട്രങ്ങളാണ്. ഓസോൺ പാളിശോഷണം, ആഗോള താപനം മുതലായ ആഗോളപ്രശ്നങ്ങളുടെ പൊതുഭാരത്തിന്റെ വലിയ പങ്കും ദരിദ്രരാഷ്ട്രങ്ങളുടെ ചുമലിലാണ് വരുന്നത്. ഇവ കൂടാതെ, വിവേശോഷണം, വനനശീകരണം, മരുഭൂവൽക്കരണം, മലിനീകരണം തുടങ്ങിയവ സൃഷ്ടിക്കുന്ന പ്രശ്നങ്ങളും ഇവയെ ബാധിക്കുന്നു.

മേൽപറഞ്ഞ പ്രശ്നങ്ങൾക്കെല്ലാം പ്രതിവിധി തേടാനുള്ള ശ്രമത്തിൽ ദരിദ്രരാഷ്ട്രങ്ങൾക്ക് വീണ്ടും ആശ്രയിക്കേണ്ടിവരുന്നത് സാമ്രാജ്യത്വത്തെയാണ്. സാമ്രാജ്യത്വത്തിന്റെ ഫണ്ടിങ്ങ്, സാങ്കേതികവിദ്യകൈമാറ്റം, മൂലധനം എന്നിവയെ ആശ്രയിക്കേണ്ടിവരുന്നതോടെ ദരിദ്രരാഷ്ട്രങ്ങൾക്ക് സാമ്രാജ്യത്വത്തോടുള്ള വിധേയത്വവും വർധിക്കുകയാണ്. ഇന്ന് സാമ്രാജ്യത്വം അടിച്ചേൽപ്പിക്കുന്ന നിബന്ധനകൾ ഈ വിധേയത്വത്തെ കൂടുതൽ ശക്തിപ്പെടുത്തുകയും രാഷ്ട്രത്തിന്റെ നിലനിൽപിന് സാമ്രാജ്യത്വത്തിന്റെ സഹായമോ സംരക്ഷണമോ ഇല്ലാതെ മാർഗ്ഗമില്ല എന്ന സ്ഥിതിയിലേക്ക് അവയെ നയിക്കുകയും ചെയ്യുന്നു. ഇതിന്റെ ഫലമായി തദ്ദേശീയ ഉൽപാദന രൂപങ്ങളും സാങ്കേതികവിദ്യകളും സാമ്രാജ്യത്വത്തിന്റെ താൽപര്യങ്ങൾക്കനുസൃതമായി മാറ്റിമറി

ക്കപ്പെടുന്നു. ഉദാഹരണത്തിന് ആഗോള താപനത്തിന്റെ പ്രധാന ഉത്തരവാദി ഉഷ്ണമേഖലാ രാഷ്ട്രങ്ങളിലെ നെൽകൃഷിയും കന്നുകാലി വളർത്തലുമാണെന്ന "നിഗമനം" വഴി ഇവിടത്തെ ഭൂരിപക്ഷം ജനങ്ങളുടെ ജീവിതമാർഗത്തെ തകർക്കാൻ ശ്രമിക്കുന്നു. വ്യവസായവൽക്കരണത്തിന്റെയും വാണിജ്യത്തിന്റെയും മുൻഗണനാക്രമം പോലും സാമ്രാജ്യത്വം തീരുമാനിക്കുന്ന നിലവരുന്നു. ദരിദ്ര രാഷ്ട്രങ്ങളുടെ പിന്നോക്കാവസ്ഥയുടെ കാരണം ജനസംഖ്യയാണെന്ന വാദമുന്നയിച്ച് ജനസംഖ്യാനിയന്ത്രണം കൂടുതൽ കർക്കശമാക്കാനും സാമ്രാജ്യത്വം ആവശ്യപ്പെടുന്നു. "കാര്യക്ഷമത"യുടെ പേരിൽ തൊഴിൽ സാധ്യതകളും പരിമിതപ്പെടുത്തുന്നതിനോടൊപ്പം നടത്തുന്ന ജനന നിയന്ത്രണത്തിന് ഹ്യൂമൻ എഞ്ചിനീയറിങ്ങിന്റെ സ്വഭാവം കൈവരുന്നു.

"ആഗോളവൽക്കരണ"ത്തിന്റെയും "പുതുലോകക്രമ"ത്തിന്റെയും മറയുപയോഗിച്ച് സാമ്രാജ്യത്വം നടത്തുന്ന ആക്രമണത്തെ ആഭിമുഖീകരിക്കാനും അതിനൊരു ആശയ സംഹിത സൃഷ്ടിക്കാനുമുള്ള ശ്രമങ്ങളും നടക്കുകയാണ്. "പ്രത്യയശാസ്ത്രങ്ങളുടെ"യും "ചരിത്ര"ത്തിന്റെയും കാലം അവസാനിച്ചു കഴിഞ്ഞുവെന്നും "ലിബറൽ ഡെമോക്രസി"യുടേതായ ഒരു ലോകവ്യവസ്ഥ വളർന്നുവരുന്നുവെന്നുമുള്ള വാദങ്ങളും ഇത്തരം ശ്രമങ്ങൾക്കുദാഹരണമാണ്. "ആഗോളവൽക്കരണ"ത്തിന് ഒരു ബദൽ മാർഗമില്ലെന്നും എല്ലാ രാഷ്ട്രങ്ങൾക്കും ഈ നേതൃത്വം പിന്തുടരാനല്ലാതെ മറ്റു വഴിയില്ലെന്നും ശക്തിയായിവാദിക്കപ്പെടുന്നു. ഇതേവാദം തന്നെ ഉയർത്തുകയും സാമ്രാജ്യത്വത്തിനു വിധേയരായി പ്രവർത്തിക്കുകയും ചെയ്യുന്ന ഭരണാധികാരി വർഗം ദരിദ്രരാഷ്ട്രങ്ങളിൽ വളർന്നുവരുന്നു.

സാമ്രാജ്യത്വ നയങ്ങളും ഇന്ത്യയും

യുദ്ധാനന്തര കാലഘട്ടത്തിൽ ലിബറൽ ജനാധിപത്യ രാഷ്ട്രീയ രൂപവും മുതലാളിത്ത വികസന പാതയും പിന്തുടർന്ന രാഷ്ട്രങ്ങളിലൊന്നാണ് ഇന്ത്യ. സ്വന്തം കാലിൽ നിന്നുള്ള വികസനത്തിന്റെ ഭാഗമായി ഒരു പൊതുമേഖല വികസിപ്പിച്ചെടുക്കാനും സാമ്രാജ്യ വിരുദ്ധ നയങ്ങളും രൂപപ്പെടുത്താനും അന്നു ശ്രമിച്ചു. 1970 ലെ ഇന്ത്യൻ പേറ്റന്റ് നിയമം, വിദേശകുത്തകകളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്ന പല നിയമങ്ങളും (എം. ആർ. ടി. പി. നിയമം, F E R A) മുതലായവ ശക്തമായ ശാസ്ത്ര സാങ്കേതിക അടിത്തറ സൃഷ്ടിക്കുന്നതിനും വ്യവസായവൽക്കരണത്തിനും സഹായിച്ചു. ഔഷധവ്യവസായം പോലുള്ള മേഖലകളിൽ സമാന്തര ഗവേഷണവും ബദൽ രൂപങ്ങളും

വളർത്തിയെടുക്കാൻ സാധിച്ചു. അപൂർണവും കാര്യക്ഷമമല്ലാത്തതുമായ രൂപങ്ങളിലാണെങ്കിൽ പോലും പല സാമൂഹ്യക്ഷേമ, വികസന പദ്ധതികളും രൂപപ്പെടുത്താൻ സാധിച്ചു. എന്നാൽ, ഇന്ന്, ആ നയങ്ങളെ മുഴുവൻ തിരുത്താനും സാമ്രാജ്യ താൽപര്യങ്ങൾക്ക് വിധേയമായ സമ്പദ്ഘടന സൃഷ്ടിക്കാനും ശ്രമം നടക്കുന്നു.

ബഹുരാഷ്ട്രകുത്തകകൾക്കും അവരുടെ ഉല്പന്നങ്ങൾക്കും യഥേഷ്ടം കടന്നുവരാനുള്ള ശ്രമത്തിന്റെ ഭാഗമായി ഇന്ത്യയുടെ താരിഫ് നിയന്ത്രണം വെട്ടിക്കുറയ്ക്കാനും കുത്തക നിയന്ത്രണ നിയമങ്ങൾ ഭേദഗതി ചെയ്യാനുമുള്ള സമ്മർദ്ദം കുറെ വർഷങ്ങളായുണ്ടായിരുന്നു. രാജീവ്ഗാന്ധിയുടെ കാലത്തു തന്നെ ഇറക്കുമതി കസ്റ്റംസ് ഡ്യൂട്ടി പകുതിയായി കുറയ്ക്കുകയും കുത്തക നിയന്ത്രണനിയമത്തിൽ വിദേശകുത്തകകൾക്കനുകൂലമായ ഭേദഗതി വരുത്തുകയും ചെയ്തിരുന്നു. ഇപ്പോൾ കസ്റ്റംസ്ഡ്യൂട്ടി വീണ്ടും കുറച്ചിരിക്കുകയാണ്. കുത്തക നിയന്ത്രണ നിയമത്തിലെ ''കുത്തക''കളെ ബാധിക്കുന്ന ഭാഗങ്ങൾ എടുത്തുകളഞ്ഞിരിക്കുന്നു. ലോബാങ്ക്- ഐ. എം. എഫ്. പാക്കേജിന്റെ ഭാഗമായുള്ള നിരവധി നിബന്ധനകൾ രൂപയുടെ മൂല്യശോഷണവും കൺവെർട്ടിബിലിറ്റി ആക്കാനുള്ള നീക്കവും, സബ്സിഡിസമ്പ്രദായങ്ങളും മറ്റു താങ്ങുകളും (Supporting Systems) പിൻവലിക്കൽ, പൊതുമേഖലാ വ്യവസായങ്ങളുടെ സ്വകാര്യവൽക്കരണം, കാര്യക്ഷമതയുടെ പേരിൽ ജീവനക്കാരുടെ എണ്ണംവെട്ടിക്കുറയ്ക്കുന്ന ''എക്സിറ്റ്'' നയം, തുടങ്ങിയവ നടപ്പിലാക്കിവരുന്നു. ഡങ്കൽ നിർദ്ദേശങ്ങളുടെ ഭാഗമായുള്ള ബൗദ്ധിക സമ്പത്തവകാശം (T R I P S), സേവനമേഖലയിലെ വാണിജ്യം (G A T S), കൃഷി, നിക്ഷേപ വ്യവസ്ഥകൾ (T R I M S) മുതലായവയോട് അനുകൂലമായ പ്രതികരണമാണ് ഗവൺമെൻറിന്റെ ഭാഗത്തു നിന്നുണ്ടായിട്ടുള്ളത്. സേവനമേഖലയിൽ നിരവധി (മുപ്പതിലധികം) കരാറുകൾ ഇപ്പോൾതന്നെ ഗവൺമെൻറ് ഒപ്പിട്ടിരിക്കുന്നു. സി. എസ്. ഐ. ആർ. പോലുള്ള ശാസ്ത്ര സാങ്കേതികസ്ഥാപനങ്ങൾക്കെതിരെ ആക്രമണം നടക്കുന്നു. കൃഷിപോലുള്ള മേഖലകളിൽപോലും ധനികവർഗങ്ങൾക്കനുകൂലമായ വിദേശനിബന്ധനകൾ നടപ്പിലാക്കപ്പെടുന്നു. ഫോസ്ഫോറസ്, പൊട്ടാഷ് വളങ്ങളുടെ സബ്സിഡി പിൻവലിക്കാനുള്ള നീക്കവും കാർഷിക പ്രശ്നങ്ങൾക്ക് ''ഹരിത വിപ്ലവ''ത്തിന്റെ മാതൃകയിൽ പരിഹാരം കാണാനുള്ള ശ്രമവും ഇതിന്റെ ഭാഗമാണ്. നിരവധി ബഹുരാഷ്ട്ര കുത്തകകളുമായി മൂലധന നിക്ഷേപങ്ങൾക്കും സാങ്കേതിക വിദ്യകൾക്കുമായി കരാറുകളിലേർപ്പെട്ടുവരുന്നു.

ഐ.എം.എഫ്. ഡയറക്ടർ ജനറൽ ഇന്ത്യയോട് ആവശ്യപ്പെട്ടിരിക്കുന്നത് സാമ്പത്തിക പ്രതിസന്ധി മറികടക്കണമെങ്കിൽ ഏഴുശതമാനം

വളർച്ചാനിരക്ക് കൈവരിക്കണമെന്നാണ്. അതായത് ഇന്നു നാം ലക്ഷ്യമാക്കുന്ന വളർച്ചാനിരക്കിന്റെ ഇരട്ടി. ഇതിന് ഭീമമായ വിദേശ മുതൽമുടക്ക് വേണ്ടിവരും. 'വ്യാഘ്രവൽക്കരണം'(Tigerisation) എന്നു വിളിക്കപ്പെടുന്ന ഈ വളർച്ചാനിരക്ക് കൈവരിക്കാൻ ശ്രമിച്ചാൽ നമ്മുടെ സമ്പദ്ഘടന മുഴുവൻ വിദേശമൂലധനത്തിന് തീറെഴുതേണ്ടിവരും. സ്ഥാവരമായ മൂലധന നിക്ഷേപങ്ങളോടൊപ്പം ശാസ്ത്ര സാങ്കേതിക വിദ്യകളും പണവും ചരക്കുകളായി മാറുന്ന സ്ഥിതി വിശേഷത്തെയാണ് ഐ. എം. എഫ്—ലോകബാങ്ക്—ഗാട്ട് ത്രിമൂർത്തികളുടെ ആധിപത്യശ്രമം സൂചിപ്പിക്കുന്നത്.

എന്നാൽ, ഈ പ്രക്രിയ എളുപ്പമാവില്ലെന്നാണ് അടുത്തമാസങ്ങളിൽ ഘോരഉച്ചകോടിയെ തുടർന്നുണ്ടായ പോരിതിരിവുകൾ സൂചിപ്പിക്കുന്നത്. ജൈവവൈവിദ്ധ്യ കൺവെൻഷനിൽ ജൈവസമ്പത്ത് ആഗോള പൈതൃകമാണെന്ന അമേരിക്കൻ നിലപാടിനെ ശക്തമായെതിർത്തവരിൽ ഇന്ത്യയ്ക്ക് മുൻകയ്യുണ്ടായിരുന്നു. കാലാവസ്ഥാ കൺവെൻഷനിൽ അവികസിത രാഷ്ട്രങ്ങളുടെമേൽ പഴിചാരാനുള്ള ശ്രമങ്ങളെ ഇന്ത്യയും മറ്റു രാഷ്ട്രങ്ങളും കൂട്ടായെതിർത്തു. ഈ രണ്ടു മേഖലകളിലും അമേരിക്ക ഒറ്റപ്പെടുകയും ചെയ്തു. ഇത് സൂചിപ്പിക്കുന്നത് അവികസിത രാഷ്ട്രങ്ങളും സാമ്രാജ്യത്വവും തമ്മിൽ മാത്രമല്ല, സാമ്രാജ്യത്വ രാഷ്ട്രങ്ങൾ തമ്മിൽ തമ്മിലുള്ള വൈരുദ്ധ്യങ്ങളും മൂർച്ഛിക്കുന്നുവെന്നാണ്. ഈ സാഹചര്യങ്ങളിൽ ഇന്ത്യയ്ക്ക് നിരവധി തന്ത്രപ്രധാനമായ പ്രശ്നങ്ങളിൽ അവികസിത രാഷ്ട്രങ്ങളോട് ചേരേണ്ടിവരും.

എങ്കിലും ഐ. എം. എഫ്. വായ്പയോടനുബന്ധിച്ച് ഇന്ത്യ പിന്തുടരുന്ന സാമ്പത്തികനയം നമ്മുടെ വിലപേശലിനും പോരാട്ടത്തിനുമുള്ള കഴിവിനെ ദുർബലമാക്കുകയാണ്. ആഗോളതലത്തിലുള്ള അനുഭവം തെളിയിക്കുന്നത് വിദേശക്കടത്തെ ഫലപ്രദമായ രാഷ്ട്രീയായുധമായി ഉപയോഗിക്കുന്നതിൽ സാമ്രാജ്യത്വം വിജയിച്ചിട്ടുണ്ടെന്നാണ്. ഗാട്ട് ചർച്ചകളിൽ അവികസിത രാഷ്ട്രങ്ങൾ തമ്മിൽ ഗൗരവമേറിയ വിള്ളലുകൾ സൃഷ്ടിക്കുവാൻ ഇതുമൂലം സാമ്രാജ്യത്വത്തിനു കഴിഞ്ഞിട്ടുണ്ട്.

പുതിയ വൈരുദ്ധ്യങ്ങൾ

സാമ്രാജ്യത്വത്തിന്റെ ഘടനയിലും പ്രവർത്തന തന്ത്രങ്ങളിലും വന്ന മാറ്റങ്ങൾ, പുതിയ സമരമേഖലകൾ തുറന്നിരിക്കുന്നു. മുമ്പു നിലനിന്നിരുന്ന സംഘർഷ രൂപങ്ങൾക്ക് പുറമെയാണിവ.

1. ദരിദ്രരാഷ്ട്രങ്ങളിലെ ജനങ്ങളുടെ അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റുന്നതിനു വേണ്ടിയുള്ള സമരം.

2. പരിസ്ഥിതി സംരക്ഷണത്തിനും ജൈവ സമ്പത്തുംപ്പെടെയുള്ള വിഭവങ്ങളുടെ നിയന്ത്രണത്തിനും വേണ്ടിയുള്ള സമരം.

3. ശാസ്ത്ര സാങ്കേതികവിദ്യകളുടെ വികാസത്തിനും ഗവേഷണ വികസന പ്രവർത്തനങ്ങളുടെ ആസൂത്രിതമായ വളർച്ചയ്ക്കും വേണ്ടിയുള്ള സമരം.

4. കൃഷിയുടെയും വ്യവസായങ്ങളുടെയും സേവനമേഖലയുടെയും സ്ഥായിയും സന്തുലിതവുമായ വികസനത്തിനു വേണ്ടിയുള്ള സമരം.

5. വികേന്ദ്രീകൃതവും ജനാധിപത്യപരവുമായ ആസൂത്രണ, ഭരണ നിർവഹണ രൂപങ്ങൾക്കു വേണ്ടിയുള്ള സമരം

6. ജനാധിപത്യ സംസ്കാരത്തിനും മൂല്യവ്യവസ്ഥയ്ക്കും വേണ്ടിയുള്ള സമരം.

സ്ഥായിയും സന്തുലിതവുമായ വികസനമായിരിക്കും ഈ സമരത്തിന്റെ നാരായവേര്. അതിനു വേണ്ടിയുള്ള സമരം നടക്കേണ്ടത് സാമ്രാജ്യത്വത്തിന്റെ പ്രവർത്തന പദ്ധതിയും സമയ വിവരപ്പട്ടികയുമനുസരിച്ചല്ല, ഇന്ത്യയിലെ ജനങ്ങളുടെ ആവശ്യങ്ങളും ലക്ഷ്യനിർണയവുമനുസരിച്ച് അവർ തന്നെ ക്രമപ്പെടുത്തേണ്ടതാണ്. ഇതിനു വേണ്ടിയുള്ള പോരാട്ടം വരും നാളുകളിലെ പ്രധാന അജണ്ടയായി മാറുകയാണ്.

KSS 03-1 D 1/8 November 92 7.5K 0300

Published and distributed by the Convener, Kerala Swasraya Samithi, Thiruvananthapuram. Printed at Swaraj Press & Publications, Thiruvananthapuram 39. Price Rs. 3.00